<u>*ഭരണഭാഷ-മാതൃഭാഷ*</u>

**നമ്പർ. എച്ച്1/80658/2017/ഡി.പി.ഐ.**

**പൊതുവിദ്യാഭ്യാസഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**
**തീയതി: 18-1-2018.**

## <u>സർക്കുലർ</u>

വിഷയം:- പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ മാനേജ്മെന്റ് കൈമാറ്റം - അധ്യാപക/അനധ്യാപകരുടെ അച്ചടക്ക നടപടി തുടരുന്നതു - സംബന്ധിച്ച്.

സൂചന:- ബഹുമാനപ്പെട്ട ബാലാവകാശ കമ്മീഷന്റെ 16/10/2017 ലെ CRMP.No.8215/09/LA2 /2017 എന്ന വിധിന്യായം

.........

എയ്ഡഡ് സ്കൂളുകളിൽ മാനേജ്മെന്റ് മാറ്റം അംഗീകരിക്കപ്പെടുന്നതു വരെയുള്ള ഇടവേളകളിൽ അധ്യാപകരുടെ അച്ചടക്ക ലംഘനം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നടപടി കൈക്കൊള്ളാൻ **"മാനേജർ ഇല്ല"** എന്ന കാരണത്താൽ കേരള വിദ്യാഭ്യാസ നിയമത്തിന്റെയും ചട്ടങ്ങളുടെയും വകുപ്പുകൾ അനുസരിച്ച് തുടർ നടപടി സ്വീകരിക്കാതിരിക്കുന്ന സാഹചര്യം നിലനിൽക്കുന്നതായി ബഹുമാനപ്പെട്ട ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അത്തരം സാഹചര്യങ്ങളിൽ അനുവർത്തിക്കേണ്ട നടപടികളെ സംബന്ധിച്ച് ഒരു സർക്കുലർ പുറപ്പെടുവിക്കണമെന്ന് ബഹുമാനപ്പെട്ട കമ്മീഷൻ സൂചനയിലെ ഉത്തരവ് പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു.

ഒരു എയ്ഡഡ് സ്കൂൾ മാനേജ്മെന്റ് കൈമാറ്റ വേളയിൽ ചില ഘട്ടങ്ങളിൽ വിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂർ അനുമതി തേടാതെ വസ്തു കൈമാറ്റം നടത്തുന്ന സാഹചര്യം ഉണ്ടാവുന്നുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ സ്കൂളിനെ സംബന്ധിച്ച് അംഗീകൃത മാനേജർ ഇല്ലാത്ത അവസ്ഥയും അധ്യാപക/അനധ്യാപക ജീവനക്കാർക്കെതിരായിട്ടുള്ള അച്ചടക്ക നടപടി

(...2...)

തുടരാനാവാത്ത അവസ്ഥയും ഉണ്ടാകുന്നുണ്ട്. അത്തരം ഘട്ടങ്ങളിൽ എയ്ഡഡ് സ്കൂൾ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ കേരള വിദ്യാഭ്യാസ നിയമത്തിലെ സെക്ഷൻ 12 A പ്രകാരം ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാർക്ക് അധികാരമുണ്ട്. ആയതിനാൽ അത്തരം സാഹചര്യങ്ങളിൽ വിദ്യാഭ്യാസ ആഫീസർമാർ അധികാരമുപയോഗിച്ച് തുടർ നടപടികൾ സ്വീകരിച്ച് കേസുകൾ തീർപ്പു കല്പിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

കെ.വി.മോഹൻകുമാർ.ഐ.എ.എസ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ

**സ്വീകർത്താവ്:**

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ ജില്ല/ഉപജില്ല വിദ്യാഭ്യാസ ആഫീസർമാർക്കും
3) എല്ലാ എയ്ഡഡ് സ്കൂൾ പ്രധാനാധ്യാപകർക്കും
4) ഡയറക്ടർ,കൈറ്റ്,പൂജപ്പുര (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)
5) പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ എഫ്,ജി,ഇ.റ്റി.,ഇ.സി, ഇ.എം,വിജിലൻസ് സെക്ഷൻ സൂപ്രണ്ടുമാർക്കും യൂണിറ്റ് ഓഫീസർമാർക്കും
6) സ്റ്റോക്ക് ഫയൽ